"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സെന്റ് ജോർജ്ജ് ഹയർസെക്കൻഡറി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീമതി ബിജി വർഗീസിന്റെ സേവന പുസ്തകത്തിൽ ജനന തീയതി തിരുത്തുന്നതിന് അനുമതി നല്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.348/2026/GEDN തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. 30/12/1991 തീയതിയിലെ സ.ഉ.(പി) 45/91/P&ARD ഉത്തരവ്.
2. ഗവ. എക്സാമിനേഷൻ ജോയിന്റ് കമ്മിഷണറുടെ 13/ 11/2023 തീയതിയിലെ L.Dis/CA4/ 32471/ 2O23/ CGE ഉത്തരവ്.
2. ശ്രീമതി ബിജി വർഗ്ഗീസിന്റെ 10.01.2024 തീയതിയിലെ അപേക്ഷ.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.03.2024, 22.12.2025 എന്നീ തീയതികളിലെ ഇസി2/4279/2024/ഡിജിഇ നമ്പർ കത്തുകൾ.

**ഉത്തരവ്**

കോതമംഗലം സെന്റ് ജോർജ്ജ് ഹയർസെക്കൻഡറി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീമതി ബിജി വർഗീസിന്റെ സേവന പുസ്തകത്തിൽ ജനന തീയതി തിരുത്തുന്നതിനു അനുമതിയ്ക്കായുള്ള അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി ബിജി വർഗീസിന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയ ജനന തീയതി 15.07.1968 എന്നാണ്. ഗവ. എക്സാമിനേഷൻ ജോയിന്റ് കമ്മിഷണറുടെ പരാമർശം 2 ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി ബുക്കിൽ ജനനതീയതി 01.02.1969 എന്ന് തിരുത്തി ഉത്തരവായിട്ടുണ്ട്. സേവന പുസ്തകത്തിലും 01.02.1969 എന്ന് ജനനത്തീയതി തിരുത്തുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി ബുക്കിൽ ആവശ്യമായ തിരുത്തൽ വരുത്തിയശേഷം സർവ്വീസ് ബുക്കിൽ ജനനതീയതി തിരുത്തുന്നതിന് സർവ്വീസിൽ പ്രവേശിച്ച തീയ്യതി മുതൽ 5 വർഷം വരെ സമയ പരിധി നിശ്ചയിച്ചിട്ടുണ്ട്. ശ്രീമതി ബിജി വർഗീസിന് 17.12.2003 മുതൽ 16.02.2004 വരെ ബ്രോക്കൺ സർവ്വീസ് ഉണ്ടെങ്കിലും ടിയാൾ എഫ്.ടി.എം ആയി തുടർച്ചയായ സർവ്വീസ് ആരംഭിച്ചത് 01.08.2019 മുതലാണ്. ടിയാൾ സർവീസിൽ പ്രവേശിച്ച് 5 വർഷത്തിനകം ജനനത്തീയതി സേവനപുസ്തകത്തിൽ തിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീമതി ബിജി വർഗീസിന്റെ സേവനപുസ്തകത്തിൽ 01.02.1969 എന്ന്

ജനനത്തീയതി തിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE

അണ്ടർ സെക്രട്ടറി

ശ്രീമതി ബിജി വർഗ്ഗീസ്, സെന്റ് ജോർജ്ജ് ഹയർസെക്കൻഡറി സ്കൂൾ, കോതമംഗലം - 686 691

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോതമംഗലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 14-01-2026 11:10:47

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ വകുപ്പ സെക്രട്ടറിയുടെ സി.എ.യ്ക്ക്